I ഇ.ബി. XIV-കേരള നിയമസഭ/XIX-6

# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2020 മാർച്ച് 11, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

### പ്രളയ ദുരിതബാധിതർക്കുള്ള സഹായം

മി. സ്പീക്കർ: പ്രളയ ദുരിതബാധിതർക്കുള്ള സഹായം ലഭിക്കാത്തതുമൂലം വയനാട് മേപ്പാടിയിലെ സനിൽ എന്ന ഗൃഹനാഥൻ ആത്മഹത്യ ചെയ്യേണ്ടി വന്നതും ദുരിതബാധിതർക്ക് ലഭിക്കേണ്ട ധനസഹായം ഇടനിലക്കാർ തട്ടിയെടുത്തതുമൂലവും ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. ഷംസുദ്ദീൻ, പി. ടി. തോമസ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ്

നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): വയനാട് മേപ്പാടി സ്വദേശി സനിൽ ആത്മഹത്യ ചെയ്ത സംഭവവുമായി ബന്ധപ്പെട്ട് മേപ്പാടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. മരണപ്പെട്ട സനിലിന്റെ വീട് 2019-ലെ പ്രളയത്തിൽ തകർന്നതായും ഒരു ലക്ഷത്തോളം രൂപയുടെ കടമുണ്ടായിരുന്നതായും അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്. വീടുകൾക്ക് 75 മുതൽ 100 ശതമാനം വരെ നാശനഷ്ടം സംഭവിച്ചവരുടെ വിഭാഗത്തിൽ സനിലിനെ ഉൾപ്പെടുത്തിയിരുന്നതായും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള ധനസഹായത്തിന്റെ ആദ്യഗഡു അദ്ദേഹം ലഭ്യമാക്കിയ അക്കൗണ്ട് നമ്പരിൽ അനുവദിച്ചിട്ടുള്ളതുമാണ്. ട്രഷറിയിൽനിന്നും ലഭിച്ച ബാങ്ക് റിജക്ഷൻ ലിസ്റ്റിൽ കക്ഷിയുടെ പേര് ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയതിനെത്തുടർന്ന് നടത്തിയ അന്വേഷണത്തിൽ ടിയാൻ നൽകിയ അക്കൗണ്ട് എസ്.ബി.ഐ. ജനപ്രിയ അക്കൗണ്ടായിരുന്നുവെന്ന് വ്യക്തമായിട്ടുണ്ട്. റിജക്ഷൻ വന്ന കേസ്സുകളിന്മേൽ പരിഹാരം കാണുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2018-ലും 2019-ലും ഉണ്ടായ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച എല്ലാവർക്കും ധനസഹായം നൽകിയിട്ടുണ്ട്. എറണാകുളം കളക്ടറേറ്റിലെ ക്ലാർക്കായ ശ്രീ. വിഷ്ണു പ്രസാദ് പ്രളയ ദുരിതാശ്വാസ

വിതരണത്തിൽ ക്രമക്കേട് നടത്തിയെന്ന പരാതിയുമായി ബന്ധപ്പെട്ട് ഐ.പി.സി. വിവിധ വകുപ്പുകൾ പ്രകാരവും അഴിമതി നിരോധന നിയമമനുസരിച്ചും കേസ് രജിസ്റ്റർ ചെയ്ത് തൃക്കാക്കര പോലീസ് അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സുരക്ഷിതസ്ഥാനങ്ങളിലേയ്ക്കും പുറമ്പോക്ക് ഭൂമിയിൽനിന്നും മാറാൻ തയ്യാറാകാത്തവർക്ക് ധനസഹായം നൽകാൻ സാധിച്ചിട്ടില്ല. ബാക്കിയുള്ളവർക്ക് ധനസഹായത്തിന്റെ അവസാന ഗഡു മാത്രമേ നൽകാനുള്ളൂ.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: 2018, 2019 വർഷങ്ങളിലെ രൂക്ഷമായ പ്രളയത്തിനും പ്രകൃതി ദുരന്തങ്ങൾക്കും ഇരയായവർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായങ്ങൾ ലഭ്യമാകാത്തതിനാൽ വയനാട്ടിലെ മേപ്പാടിയിൽ ഗൃഹനാഥൻ ആത്മഹത്യ ചെയ്ത സംഭവം ബാങ്ക് അക്കൗണ്ടിലുണ്ടായ പിഴവാണെന്ന് ചൂണ്ടിക്കാട്ടി വളരെ ലാഘവത്തോടെയാണ് മന്ത്രി വിശദീകരിച്ചത്. പ്രളയത്തിൽ സനിലിന്റെ വീട് പൂർണ്ണമായും തകർന്നിരുന്നുവെങ്കിലും കുടുംബത്തിന് യാതൊരുവിധ ധനസഹായവും ലഭിച്ചിരുന്നില്ല. കവളപ്പാറ ഉൾപ്പെടെയുള്ള ദുരിത മേഖലകളിലെ ആളുകൾക്ക് അർഹമായ സഹായങ്ങൾ നൽകുകയോ തകർന്ന റോഡുകൾ, പാലങ്ങൾ, കുടിവെള്ള പദ്ധതികൾ എന്നിവയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയോ ചെയ്തിട്ടില്ല. ദുരിതാശ്വാസ വിതരണത്തിലെ വീഴ്ചകളും തട്ടിപ്പും സംബന്ധിച്ച് ഒരു വിദഗ്ദ്ധ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കാനും തൃക്കാക്കരയിലെ അയ്യനാട്

സർവ്വീസ് സഹകരണ ബാങ്ക് ഫണ്ട് തിരിമറിയുമായി ബന്ധപ്പെട്ട് അന്വേഷണം നടത്താനും തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രളയബാധിതർക്ക് 10000 രൂപ അടിയന്തരസഹായം ലഭിക്കുന്നതിനുള്ള പട്ടികയിൽ സനിൽ ഉൾപ്പെടാത്ത സാഹചര്യത്തിൽ പ്രത്യേക പരിഗണന നൽകി അദ്ദേഹത്തിന്റെ കുടുംബത്തിന് സഹായം നൽകുന്നതാണ്. കവളപ്പാറയിലെ ദുരിതബാധിതർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. തൃക്കാക്കരയിലെ അയ്യനാട് സർവ്വീസ് സഹകരണ ബാങ്കിലെ സി.എം.ഡി.ആർ.എഫ്. തിരിമറിയുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിവരുന്നു. പത്തനംതിട്ട ജില്ലയിൽ പ്രളയത്തിൽ മരണപ്പെട്ട 163 പേരിൽ ഒരാളൊഴികെ മറ്റെല്ലാ ആശ്രിതർക്കും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്ന് തുക അനുവദിച്ചിട്ടുണ്ട്. വീടുകളുടെ പുനർനിർമ്മാണത്തിന് 4 ലക്ഷം രൂപയും ഭാഗികമായി തകർന്ന വീടുകൾക്ക് നാശനഷ്ടത്തിന്റെ തോതനുസരിച്ചുള്ള ധനസഹായവും നൽകുന്നുണ്ട്. വാസയോഗ്യമല്ലാത്ത പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് സുരക്ഷിത സ്ഥലങ്ങളിൽ ഭൂമി വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും തുക അനുവദിച്ചിട്ടുണ്ട്. 2019-ലെ പ്രളയത്തിൽ പൂർണ്ണമായി തകർന്ന വീടുകളുടെ നിർമ്മാണത്തിന് ഒന്നാം

ഗഡു നൽകുകയും ഭാഗികമായി തകർന്ന വീടുകൾക്ക് മുഴുവൻ സഹായം നൽകുകയും ശേഷിക്കുന്ന വീടുകൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയുമാണ്. ദുരിതാശ്വാസ വിതരണത്തിലെ ക്രമക്കേടുകൾ പരിഹരിക്കുന്നതിനായി നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്ന് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സാങ്കേതിക കാരണങ്ങളാൽ തുക ലഭ്യമാകാത്ത കേസുകളിൽ ബാങ്ക് അധികൃതരുമായി ബന്ധപ്പെട്ട് തുക ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ബാങ്കിൽ നടന്നിട്ടുള്ള സാമ്പത്തിക തിരിമറി സംബന്ധിച്ച് വിശദമായി പരിശോധിച്ച് വീഴച്കൾ കണ്ടെത്തണമെന്നും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധ ക്ഷണിക്കൽ

(1) <u>യാത്രാനിയന്ത്രണംമൂലം പ്രവാസികൾ നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: കോവിഡ്-19 രോഗബാധാ നിയന്ത്രണത്തിന്റെ ഭാഗമായ യാത്രാനിയന്ത്രണംമൂലം പ്രവാസികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും ഇന്ത്യയിലേയ്ക്ക് മടങ്ങിവരുന്നവർ കോവിഡ്-19 നെഗറ്റീവ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം പിൻവലിക്കുന്നതിനും ഗൾഫ് രാജ്യങ്ങളിലേയ്ക്ക് യഥാസമയം എത്തിച്ചേരാൻ കഴിയാത്തവർക്ക് തൊഴിൽ നഷ്ടമാകാതിരിക്കാൻ നയതന്ത്ര ഇടപെടലുകൾ നടത്തുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): വിമാന സർവ്വീസുകൾ റദ്ദാക്കിയതുമൂലം ഗൾഫ് രാജ്യങ്ങളിലേയ്ക്ക് തിരികെ പോകേണ്ടവരും പുതിയ തൊഴിൽ വിസ ലഭിച്ചവരും ഗുരുതരമായ പ്രതിസന്ധി നേരിടുന്നുണ്ട്. ഇന്ത്യ ഉൾപ്പെടെ 10 രാജ്യങ്ങളിൽനിന്നുവരുന്ന യാത്രക്കാർക്ക് പി.സി.ആർ. (പോളിമെറേസ് ചെയിൻ റിയാക്ഷൻ) സർട്ടിഫിക്കറ്റ് നിർബന്ധമാണെന്ന് കുവൈറ്റ് സർക്കാർ ഉൾപ്പെടെയുള്ള ചില രാജ്യങ്ങൾ നിഷ്കർഷിച്ചിട്ടുള്ളതിനാൽ യാത്രാവിലക്കുകാരണം പ്രവാസികളുടെ ജോലി നഷ്ടപ്പെടുമെന്ന് മനസ്സിലാക്കി

ഇക്കാര്യത്തിൽ ഇടപെടണമെന്ന് വിദേശകാര്യ മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലേയ്ക്ക് മടങ്ങിവരുന്നതിന് കോവിഡ്-19 നെഗറ്റീവ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ സർക്കുലർ പുറപ്പെടുവിച്ചതിന്റെ ഫലമായി ഇറ്റലിയിൽ മലയാളികളുൾപ്പെടെയുള്ള പ്രവാസികൾ കുടുങ്ങിക്കിടക്കുകയാണ്. രോഗമില്ലാത്തവരെ പരിശോധിക്കാൻ സാധിക്കില്ലെന്ന് ഇറ്റലി അറിയിച്ച സാഹചര്യത്തിൽ പ്രസ്തുത സർക്കുലർ പിൻവലിക്കണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്കും വിദേശകാര്യ മന്ത്രിക്കും അടിയന്തര സന്ദേശമയച്ചിട്ടുള്ളതും കേന്ദ്ര ആരോഗ്യമന്ത്രിക്ക് കത്തയയ്ക്കുന്നതുമാണ്. കുടുങ്ങിക്കിടക്കുന്ന ഇന്ത്യാക്കാരുടെ താൽപ്പര്യം പരിഗണിച്ച് ഒരു മെഡിക്കൽ സംഘത്തെ രണ്ടുദിവസത്തിനുള്ളിൽ ഇറ്റലിയിലേയ്ക്ക് അയയ്ക്കുമെന്നും നാട്ടിലേയ്ക്ക് വരാൻ താൽപ്പര്യമുള്ളവരെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കി ടെസ്റ്റ് റിസൾട്ട് നെഗറ്റീവായാൽ യാത്രയ്ക്ക് അനുമതി നൽകുന്നതിനും പോസിറ്റീവായാൽ അവിടെ ചികിത്സിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും കേന്ദ്ര കാബിനറ്റ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നിയമസഭ ഇതുസംബന്ധിച്ച് ഒരു പ്രമേയം കൊണ്ടുവരുന്നതാണ്.

## (2) <u>ബന്ദിപ്പൂരിലെ രാത്രിയാത്ര നിരോധനം</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: ദേശീയപാത 766-ൽ ബന്ദിപ്പൂർ കടുവാ സങ്കേത

ഭാഗത്തെ രാത്രി യാത്ര നിരോധിക്കുകയും പകൽ യാത്രക്കൂടി നിരോധിക്കുമെന്ന് കർണ്ണാടക സർക്കാർ അറിയിക്കുകയുമുണ്ടായി. രാത്രിയും പകലും പൂർണ്ണമായും റോഡ് അടച്ചുകഴിഞ്ഞാൽ മലബാർ ഏരിയ അടക്കം പ്രതിസന്ധിയിലാകും. ബദൽ സംവിധാനമില്ലാത്ത ഈ റോഡ് പൂർണ്ണമായും തുറന്നുകിട്ടുന്നതിന് സർക്കാർ ഫയൽ ചെയ്ത കേസ് വിജയിക്കാനുള്ള നടപടി സ്വീകരിക്കണം. നാറ്റ്പാക്കിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനായി 250 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി യാഥാർത്ഥ്യമാക്കാനും കർണ്ണാടക സർക്കാരുമായി ചർച്ച നടത്തി യോജിച്ച തീരുമാനത്തിലെത്താനും സർക്കാർ തയ്യാറാകണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കേരളത്തെയും കർണ്ണാടകത്തെയും ബന്ധിപ്പിക്കുന്ന ദേശീയ പാത 766-ലൂടെയുള്ള രാത്രികാലയാത്ര നിരോധിച്ചതിന്റെ ഭാഗമായി വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് സുപ്രീംകോടതിയിൽ ഫയൽ ചെയ്ത കേസിന്റെ വിവിധ ഘട്ടങ്ങൾ കഴിഞ്ഞിട്ടുണ്ട്. ദേശീയപാതാ വിഭാഗം സെക്രട്ടറി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ എലിവേറ്റഡ് പാതയ്ക്കായി 250 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ബന്ദിപ്പൂർ വഴിയുള്ള ദേശീയ പാതയിൽ രാത്രി 9.00 മണിമുതൽ രാവിലെ 6.00 മണിവരെയുള്ള യാത്രാ

നിരോധനം പകൽ യാത്രയ്ക്കുകൂടി ബാധകമാക്കുന്നതിനെക്കുറിച്ച് സർക്കാരിന് ഔദ്യോഗിക അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. പ്രസ്തുത യാത്രാസൗകര്യം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം തുടർചർച്ചകൾക്ക് ശ്രമിക്കുന്നതുമാണ്.

## III സബ്മിഷൻ

(1) കോവിഡ് 19 വ്യാപിക്കുന്നതുമൂലമുള്ള ആശങ്ക

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാനത്ത് കൊറോണ ബാധിച്ചവരുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ സർക്കാർ നടപടികളിലെ പാളിച്ചകൾ പരിശോധിച്ച് തിരുത്തൽ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും വിദേശത്തുനിന്നുമെത്തുന്നവരെ എയർപോർട്ടിൽവച്ച് പരിശോധിക്കുന്നതിന് വ്യവസ്ഥാപിത സംവിധാനം ഒരുക്കുന്നതിനും രോഗബാധിതർക്ക് സാമൂഹ്യമായ ഒറ്റപ്പെടൽ ഉണ്ടാകാതിരിക്കുന്നതിനും കൊറോണ ബാധയ്ക്കെതിരെ മിറ്റിഗേഷൻ മെത്തേഡ് അവലംബിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കോവിഡ് 19-നെ പ്രതിരോധിക്കുന്നതിനായി പരമാവധി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സംരക്ഷണ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ചൈനയിൽ കൊറോണ

സ്ഥിരീകരിച്ചുവെന്ന വാർത്ത വന്ന ഉടൻതന്നെ ഇതുസംബന്ധിച്ച് ആരോഗ്യമേഖലയിലെ വിദഗ്ദ്ധരും WHO/ICMR പ്രതിനിധികളുമായി ചർച്ച നടത്തി സ്ഥിതിഗതികൾ വിലയിരുത്തുകയുണ്ടായി. എയർപോർട്ടുകളിൽ എത്തുന്നവരെ നിരീക്ഷിക്കുന്നതിന് ഹെൽപ് ഡെസ്ക് സ്ഥാപിക്കുകയും ചൈനയിൽ നിന്നെത്തിയവരെ സ്ക്രീനിംഗിന് വിധേയമാക്കിയതിന്റെ ഫലമായി രോഗലക്ഷണങ്ങൾ കണ്ടെത്തിയ മൂന്നുപേരെ ഐസൊലേഷൻ വാർഡിലേയ്ക്ക് മാറ്റുകയും രോഗം പടരാതിരിക്കാൻ കർശനനടപടി സ്വീകരിക്കുകയും ചെയ്തു. വിദേശ രാജ്യങ്ങളിൽനിന്നും ഇന്ത്യയിലേയ്ക്ക് എത്തുന്നവരിൽ കൊറോണബാധിതരില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി സ്ക്രീനിംഗിന് വിധേയരാകണമെന്ന് ഫ്ലൈറ്റുകളിൽ അനൗൺസ്മെന്റ് നടത്തുകയും ഫോറങ്ങൾ വിതരണം ചെയ്ത് യാത്രാവിവരങ്ങളും എമിഗ്രേഷൻ ക്ലിയറൻസ് റിപ്പോർട്ടും ശേഖരിക്കുകയും ചെയ്യുന്നുണ്ട്. ഇറ്റലിയിൽ നിന്നെത്തിയ മൂന്നുപേരും എയർപോർട്ടിലെ പരിശോധനയ്ക്ക് വിധേയരാകാതെ പുറത്തിറങ്ങിയതിനെ സംബന്ധിച്ച് അന്വേഷിക്കുന്നതാണ്. അവരെ വളരെ പ്രയാസപ്പെട്ടാണ് ആശുപത്രിയിലെത്തിച്ച് അഡ്മിറ്റ് ചെയ്തത്. കളക്ടറുടെ നേതൃത്വത്തിൽ അവരുടെ കോൺടാക്ട്സ് ട്രേസ് ചെയ്തുകൊണ്ടിരിക്കുകയാണ്. മറ്റ് രാജ്യങ്ങളിൽനിന്ന് വന്നവരുടെയും സ്ക്രീനിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. ഇന്നലെ അടിയന്തര

ക്യാബിനറ്റ് യോഗം ചേരുകയും സംസ്ഥാനത്താകെ ജാഗ്രത പാലിക്കണമെന്ന തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. 17 കേസ്സുകളാണ് ഇപ്പോൾ പോസിറ്റീവായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിലെ വൈറോളജി ലാബിൽ സാമ്പിളുകൾ പരിശോധിക്കാൻ അനുവാദം ലഭിച്ചിട്ടുണ്ട്. നേരിയ ലക്ഷണമുള്ളവർക്ക് ഹോം ക്വാറന്റയിനിൽത്തന്നെ ട്രീറ്റ്മെന്റ് തുടരാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതാണ്. കൊറോണ നിയന്ത്രണവിധേയമാക്കാൻ എല്ലാവരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു.

(2) പത്തനംതിട്ട സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ

ശ്രീമതി വീണാ ജോർജ്ജ്: കൊറോണബാധിതരെ പരിചരിക്കുന്നതിന് പത്തനംതിട്ട ജില്ലയിലെ സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ജില്ലാ കളക്ടർ, ഡി.എം.ഒ. എന്നിവരുടെ നേതൃത്വത്തിൽ മികച്ച പ്രവർത്തനങ്ങളാണ് പത്തനംതിട്ട ജില്ലയിൽ നടത്തിവരുന്നത്. കൊറോണബാധിതരുടെ കോൺടാക്ട്സ് ട്രേസ് ചെയ്യാൻ 11 ടീമുകളെ നിയോഗിക്കുകയും ഐസൊലേഷൻ ബെഡ്ഡുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രൈവറ്റ് ആശുപത്രികളും ഐസൊലേഷൻ

വാർഡുകൾ ക്രമീകരിക്കുന്നതിൽ സഹകരിക്കുന്നുണ്ട്. ഐസൊലേഷന് മാത്രമായി 68 പേരടങ്ങുന്ന വിദഗ്ദ്ധ ടീമിനെ നിയോഗിച്ചിട്ടുണ്ട്. ഐസൊലേഷനിലുള്ളവർക്ക് കൗൺസിലിംഗ് കൊടുക്കുന്നതിന് കൗൺസിലേഴ്സിനെ നിയമിക്കുകയും ക്വാറന്റയിനിലുള്ളവർക്ക് പ്രത്യേക പരിഗണന നൽകുകയും ചെയ്യുന്നുണ്ട്.

(3) <u>ശമ്പള പരിഷ്കരണം</u>

<u>ശ്രീ. വി. ഡി. സതീശൻ</u>: കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ശാസ്ത്രജ്ഞരുടെ ശമ്പള പരിഷ്കരണത്തിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെയും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളിലെയും ശാസ്ത്രജ്ഞർക്ക് ആറാം ശമ്പള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ സി.എസ്.ഐ.ആർ. നിരക്കിൽ ശമ്പള പരിഷ്കരണം നടത്തിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ സി.എസ്.ഐ.ആർ. നിരക്കിൽ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥർക്ക് ഏഴാം ശമ്പള പരിഷ്കരണം നിലവിൽ അനുവദിച്ചിട്ടില്ലെങ്കിലും വിഷയം പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(4) <u>'നിർദ്ദേശ്' എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം</u>

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: ചാലിയത്തുള്ള 'നിർദ്ദേശ് ' എന്ന

സ്ഥാപനത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി(ശ്രീ. ഇ. പി. ജയരാജൻ): പ്രതിരോധ ഗവേഷണം, വികസനം എന്നിവ ലക്ഷ്യമാക്കി പ്രതിരോധ വകുപ്പിന് കീഴിൽ 'നിർദ്ദേശ്' എന്ന സ്ഥാപനം ആരംഭിച്ചുവെങ്കിലും പ്രവർത്തനങ്ങളൊന്നും മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചില്ല. പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള ഈ സ്ഥാപനത്തിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതും ആവശ്യമായ ഇടപെടൽ നടത്തുന്നതുമാണ്.

(5) സീനിയോറിറ്റി ലിസ്റ്റ്

ശ്രീ. ചിറ്റയം ഗോപകുമാർ: സർവ്വേയും ഭൂരേഖയും വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നിയമിതരായവരുടെ സീനിയോറിറ്റി ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിച്ച് അർഹതപ്പെട്ടവർക്ക് സ്ഥാനക്കയറ്റം നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട സീനിയർ ഹെഡ് ഡ്രാഫ്റ്റ്സ്മാൻമാർക്കും ഹെഡ് സർവ്വേയർമാർക്കും ടെക്നിക്കൽ അസിസ്റ്റന്റ്/സർവ്വേ സൂപ്രണ്ട് തസ്തികകളിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടെന്ന് കേരള

അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും കേരള ഹൈക്കോടതിയും ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക സ്ഥാനക്കയറ്റം അനുവദിക്കുന്നതിനും സീനിയോറിറ്റി പുനർനിർണ്ണയിച്ച് നൽകുന്നതിനും മൂന്ന് വർഷത്തിനകം ടെസ്റ്റ് യോഗ്യത നേടാത്തവരെ റിവർട്ട് ചെയ്യുന്നതിനുമായി പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. ഡി.പി.സി. ലോവർ കൂടി റെഗുലറൈസ് ചെയ്യാതെയാണ് ടി തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് 15-03-2020-ന് മുൻപ് അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നതാണെന്ന് സർവ്വേ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഡി.പി.സി. ലോവർ കൂടി ടെക്നിക്കൽ അസിസ്റ്റന്റ്/സർവ്വേ സൂപ്രണ്ട് തസ്തികകളിലേയ്ക്ക് നൽകിയിട്ടുള്ള താൽക്കാലിക സ്ഥാനക്കയറ്റം റെഗുലറൈസ് ചെയ്ത് അർഹരായവർക്ക് നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(6) <u>തീർത്ഥപാദമണ്ഡപവും അനുബന്ധ സ്ഥലവും</u>

<u>ശ്രീ. ഒ. രാജഗോപാൽ:</u> സർക്കാർ ഏറ്റെടുത്ത തീർത്ഥപാദമണ്ഡപവും അനുബന്ധസ്ഥലവും വിദ്യാധിരാജ സഭയ്ക്ക് തിരികെ നൽകാൻ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ഇ. ചന്ദ്രശേഖരൻ)</u>:

തിരുവനന്തപുരം താലൂക്കിലെ വഞ്ചിയൂർ വില്ലേജിൽ പാത്രക്കുളം എന്നറിയപ്പെടുന്ന 65 സെന്റ് സർക്കാർ ഭൂമി വിദ്യാധിരാജ സഭയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി 1976-ൽ പതിച്ചു നൽകിയെങ്കിലും തുക അടയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ ലംഘിച്ചതിനെത്തുടർന്ന് 2007-ൽ റദ്ദ് ചെയ്ത് സർക്കാർ ഉത്തരവിറക്കിയിരുന്നു. അതിനെതിരെ വിദ്യാധിരാജ ട്രസ്റ്റ് ഫയൽ ചെയ്ത കേസിൽ പ്രസ്തുത ഉത്തരവ് ഹൈക്കോടതി റദ്ദാക്കുകയും തക്കതായ കാരണങ്ങളിന്മേൽ പുനഃപരിശോധിച്ച് ഉത്തരവിറക്കാവുന്നതാണെന്ന് വിധിക്കുകയും ചെയ്തിരുന്നു. തുടർന്ന് വിദ്യാധിരാജ ട്രസ്റ്റ് പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും നേരിൽ കേട്ടും വസ്തുതകൾ പരിഗണിച്ചും ഭൂമി പതിച്ചു നൽകിയ ഉത്തരവ് റദ്ദ് ചെയ്ത് ഭൂമി തിരിച്ചെടുക്കുന്നതിനായി 05.04.2019-ൽ ഇറക്കിയ ഉത്തരവിനെതിരെ ട്രസ്റ്റ് ഭാരവാഹികൾ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിന്മേലുള്ള വിശദപരിശോധനയിൽ ഭൂമിവില അടയ്ക്കുന്നതുൾപ്പെടെയുള്ള വ്യവസ്ഥകൾ ലംഘിച്ചതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് 29.02.2020-ലെ സർക്കാർ ഉത്തരവുപ്രകാരം ഭൂമി തിരികെയെടുത്തിട്ടുള്ളത്. പ്രസ്തുത ഉത്തരവിനെതിരെ സഭാപ്രതിനിധികൾ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിൽ തൽസ്ഥിതി തുടരുന്നതിന് ഹൈക്കോടതി ഉത്തരവായിട്ടുണ്ട്; നിയമാനുസൃതമായ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്.

(7) സേവന-വേതന വ്യവസ്ഥകൾ

ശ്രീ. കെ. വി. വിജയദാസ്: എയ്ഡഡ് സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപകരുടെയും ആയമാരുടെയും ശമ്പളം വർദ്ധിപ്പിക്കുന്നതിനും സേവന-വേതന വ്യവസ്ഥകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 01-08-2012 വരെ സർവ്വീസിലുണ്ടായിരുന്ന പ്രീ-പ്രൈമറി ടീച്ചർമാർക്കും ആയമാർക്കും ഓണറേറിയം അനുവദിച്ചുനൽകിയിട്ടുണ്ട്. 07.12.2012-നുശേഷം പുതിയ പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിക്കാനോ നിയമനങ്ങൾ നടത്താനോ പാടില്ലെന്ന് സർക്കാർ ഉത്തരവുണ്ട്. ഇതുസംബന്ധിച്ച് കൂടുതൽ പഠനം നടത്താൻ എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(8) വിളക്കുടി-വെട്ടിക്കവല-മേലില കുടിവെള്ള പദ്ധതി

ശ്രീ. കെ. ബി. ഗണേഷ് കുമാർ: പത്തനാപുരം നിയോജകമണ്ഡലത്തിലെ വിളക്കുടി-വെട്ടിക്കവല-മേലില ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തികൾക്ക് അടിയന്തരമായി ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പത്തനാപുരം നിയോജകമണ്ഡലത്തിലെ വിളക്കുടി-വെട്ടിക്കവല-മേലില ഗ്രാമീണ കുടിവെള്ള

പദ്ധതിക്ക് രണ്ടാംഘട്ടത്തിൽ വിതരണ ശൃംഖലയ്ക്കായി നൽകിയ ഭരണാനുമതി കേന്ദ്ര സർക്കാർ പദ്ധതിയിലുൾപ്പെടുത്താനുള്ള നടപടിക്രമത്തിന്റെ ഭാഗമായി റദ്ദ് ചെയ്തിരുന്നു. കേന്ദ്ര പദ്ധതിയായ ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി ആദ്യഘട്ടത്തിൽത്തന്നെ ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(9) <u>റോഡ് നിർമ്മാണം</u>

<u>ശ്രീ. പി. കെ. ബഷീർ:</u> പാലക്കയം ആദിവാസി കോളനിയിലേയ്ക്കുള്ള റോഡ് നിർമ്മാണത്തിലുണ്ടായ വീഴ്ച പരിശോധിക്കുന്നതിനും പണി പൂർത്തീകരിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ)</u>: നബാർഡ് സ്കീമിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ മലപ്പുറം ജില്ലയിലെ പാലക്കയം-വെണ്ണക്കൊടി കോളനി റോഡിന്റെ നിർമ്മാണച്ചുമതല കിറ്റ്കോയെ ഏൽപ്പിക്കുകയും മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുക അനുവദിക്കുകയും ചെയ്തെങ്കിലും കരാറുകാർ പണി ഉപേക്ഷിക്കുകയും റോഡ് നിർമ്മാണത്തിന്റെ ഭാഗമായി ചെയ്ത പ്രവൃത്തികൾ പ്രളയത്തിൽ ഒലിച്ചുപോകുകയും ചെയ്തതിനാൽ സർക്കാർ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ കരാറുകാരനെ

കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും മൊബിലൈസേഷൻ അഡ്വാൻസ് തിരികെ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. നബാർഡ് പ്രവൃത്തിയുടെ കാലാവധി അവസാനിച്ചതിനാൽ മറ്റേതെങ്കിലും ഫണ്ടുപയോഗിച്ച് റോഡ് നിർമ്മാണം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(10) ഔഷധ മലിനീകരണം

ശ്രീ. പാറക്കൽ അബ്ദുല്ല: ഔഷധ മാലിന്യസംസ്കരണത്തിന് ഫലപ്രദമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ നേതൃത്വത്തിൽ ഉപയോഗശൂന്യമായ ആന്റിബയോട്ടിക്കുകൾ ശേഖരിച്ച് ഒഴിവാക്കാൻ PROUD (Programme On Removal of Unused Drugs) പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഉപയോഗശൂന്യമായ മരുന്നുകൾ കേരളത്തിൽ സംസ്കരിക്കാൻ കഴിയാത്തതിനാൽ കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും അംഗീകാരത്തോടെ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന Ramky Energy and Environment Ltd. എന്ന സ്ഥാപനത്തിലേയ്ക്ക് അയയ്ക്കുന്നതിനും ഇവിടെനിന്ന് കയറ്റി അയയ്ക്കുന്ന ഔഷധമാലിന്യങ്ങൾ സംസ്കരിച്ചു കഴിഞ്ഞതായുള്ള സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കുന്നതിനും പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്.

കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയിലെ അമിത ആന്റിബയോട്ടിക്കുകളുടെ ഉപയോഗം പരിശോധിച്ച് വിലയിരുത്തണമെന്നുള്ള നിർദ്ദേശം നൽകുകയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## IV ധനകാര്യം

### 2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XII - പോലീസ്
(3871,41,82,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ
(160,18,10,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIV- സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും
(552,44,90,000 രൂപ)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ

സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

<u>ശ്രീ. എം. രാജഗോപാലൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് സേനയെ ആധുനികവൽക്കരിച്ചതും ജനമൈത്രി പോലീസ് സംവിധാനം ഏർപ്പെടുത്തിയതും അഭിനന്ദനാർഹമാണ്. ആധുനിക ചോദ്യം ചെയ്യൽ മുറി, സാങ്കേതിക ഉപകരണങ്ങൾ, പോലീസ് സൈബർ ഡോം തുടങ്ങിയവ കേരളാ പോലീസിന്റെ നൂതന സംരംഭങ്ങളാണ്. സംസ്ഥാനത്താദ്യമായി വനിതാ പോലീസ് ബറ്റാലിയൻ സ്ഥാപിക്കുകയും പിങ്ക് പട്രോൾ സംവിധാനം വ്യാപകമാക്കുകയും എല്ലാ ജില്ലകളിലും വനിതാ പോലീസ് സ്റ്റേഷനുകൾ, വനിതകൾക്ക് രാത്രിയാത്ര സുരക്ഷിതമാക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. ട്രാഫിക് യൂണിറ്റുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളായി പുനർനാമകരണം ചെയ്യാനും നൂറ് പോലീസ് സ്റ്റേഷനുകൾ ആധുനികവൽക്കരിക്കാനും ഒൻപത് ജില്ലാതല പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാനും ഇന്റർനാഷണൽ ഇൻവെസ്റ്റിഗേഷൻ കോ-ഓർഡിനേഷൻ ടീമിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും അഗ്നി രക്ഷാ സേനയുടെ സിവിൽ ഡിഫൻസ് പദ്ധതിക്ക് തുടക്കം കുറിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സർക്കാർ ഡയറി കൃത്യസമയത്ത് അച്ചടിക്കാൻ നടപടി സ്വീകരിക്കണം. ക്രമസമാധാനപാലനത്തിൽ ആഭ്യന്തര വകുപ്പ് ദയനീയ പരാജയമാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് സേനയിൽ വനിതാ പോലീസ് ബറ്റാലിയൻ ആരംഭിച്ചതും വനിതാ പ്രാതിനിധ്യം വർദ്ധിപ്പിച്ചതും തൊണ്ടിമുതൽ സൂക്ഷിക്കാൻ ക്യൂ.ആർ. കോഡ് സംവിധാനം ഏർപ്പെടുത്തിയതും സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ അന്വേഷിക്കാൻ റെയ്ഞ്ച് തലത്തിൽ വനിതാ പോലീസുകാരുടെ പ്രത്യേക സംഘം രൂപീകരിച്ചതും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ അന്വേഷിക്കാൻ CAP പദ്ധതി ആവിഷ്ക്കരിച്ചതും ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. ഒരു പഞ്ചായത്തിൽ ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

ശ്രീ. പി. ഉബൈദുള്ള: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പോലീസ് സേനയിലെ അഴിമതിയും വ്യക്തമായ ക്രമക്കേടുകളും റിപ്പോർട്ട് ചെയ്തിട്ടും അന്വേഷണം നടത്താതെ കുറ്റക്കാരെ സംരക്ഷിക്കുന്ന സർക്കാർ നടപടി പ്രതിഷേധാർഹമാണ്. പോലീസുകാരുടെ ആത്മഹത്യകൾ വർദ്ധിക്കുന്നത് സംബന്ധിച്ച് പഠനം നടത്താനും സേനയിലെ മേലുദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകാനും നടപടി സ്വീകരിക്കണം.

ശ്രീമതി വീണാ ജോർജ്ജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് സ്റ്റേഷനുകൾ നവീകരിച്ചതും ശിക്ഷിക്കപ്പെടുന്ന കുറ്റകൃത്യങ്ങളുടെ എണ്ണം ദേശീയ ശരാശരിയെക്കാൾ വർദ്ധിച്ചതും എല്ലാ ജില്ലകളിലും വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചതും സേനയിലെ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിച്ചതും പോലീസ് സ്റ്റേഷനുകൾ സ്ത്രീ/ശിശു സൗഹൃദമാക്കിയതും ട്രാഫിക് അപകടങ്ങളുടെ എണ്ണം കുറയ്ക്കാൻ സാധിച്ചതും അഭിമാനകരമായ നേട്ടങ്ങളാണ്. സൈബർ പോലീസ് വിംഗും തീരദേശ പോലീസ് സ്റ്റേഷനുകളും ശക്തിപ്പെടുത്തുന്നതിനും ശബരിമല മണിയാർ ക്യാമ്പിൽ പരിശീലനം ലഭിച്ച പോലീസുകാരെ വിന്യസിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. മോൻസ് ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേസന്വേഷണം സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്റ്റേഷനുകളിൽ കൂടുതൽ പോലീസുകാരെ നിയമിക്കുന്നതിനും ക്രൈം, ലാ ആന്റ് ഓർഡർ എന്നിവ സെപ്പറേറ്റ് ചെയ്യുന്നതിനും തീരദേശ പോലീസ് സ്റ്റേഷനുകളിൽ പരിശീലനം ലഭിച്ച പോലീസുകാരെ നിയമിക്കുന്നതിനും സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ കൂടുതൽ പോലീസുകാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം. ജയിൽ മോചിതർക്ക് പുനരധിവാസ പാക്കേജ് നടപ്പാക്കണം. കടുത്തുരുത്തിയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടിയുണ്ടാകണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് സേനയെ ആധുനികവത്കരിക്കുന്നതിനും ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണം ശക്തമാക്കുന്നതിനും പിങ്ക് പോലീസ് പട്രോൾ സംവിധാനം ഏർപ്പെടുത്തുന്നതിനും ട്രാഫിക് രംഗത്ത് കൂടുതൽ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനും കുറ്റകൃത്യങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താനും ട്രാഫിക് ലംഘനങ്ങൾ കണ്ടെത്തി നിയമനടപടി സ്വീകരിക്കാനും മുൻകയ്യെടുക്കണം. ഫയർ ഫോഴ്സിൽ വനിതകളെ നിയമിച്ചതും വനിതാ പോലീസ് ബറ്റാലിയൻ സ്ഥാപിച്ചതും എല്ലാ ജില്ലകളിലും വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചതും സ്ത്രീ സുരക്ഷയ്ക്ക് സർക്കാർ നൽകുന്ന പ്രാധാന്യം വ്യക്തമാക്കുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നിരവധി അവാർഡുകളിലൂടെ കേരളാ പോലീസ് മികച്ച നേട്ടമാണ് കൈവരിച്ചിരിക്കുന്നത്. കേസുകളുടെ എണ്ണം കുറയ്ക്കാനും പോലീസിൽ 2742 സ്ഥിരം തസ്തികകളും 240 താൽക്കാലിക തസ്തികകളും സൃഷ്ടിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. 'സുരക്ഷിത' പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുകയും 'നിഴൽ', 'കവചം' തുടങ്ങിയ പദ്ധതികൾ നടപ്പാക്കുകയും ചെയ്യുന്നതിലൂടെ സ്ത്രീ സുരക്ഷയ്ക്ക് സർക്കാർ നൽകുന്ന പ്രാധാന്യം വ്യക്തമാണ്. പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതിനുള്ള

പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ പ്രസിദ്ധീകരിച്ച സ്ഥിതിവിവരക്കണക്കുകളിൽ കേരളം കൈവരിച്ച നേട്ടത്തെ പ്രകീർത്തിച്ചതും വർഗ്ഗീയ സംഘർഷങ്ങളില്ലാത്ത കേരളത്തെ ദേശീയ തലത്തിൽ പ്രശംസിച്ചതും സ്വാഗതാർഹമാണ്. പോലീസ് സേനയെ ആധുനികവൽക്കരിച്ചതും പോലീസ് സ്റ്റേഷനുകൾ നവീകരിച്ചതും സ്ത്രീ പ്രാതിനിധ്യം ഉറപ്പുവരുത്തിയതും സ്ത്രീ സുരക്ഷയ്ക്കാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയതും അഭിനന്ദനാർഹമാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സ്റ്റോർ പർച്ചേസ് മാന്വൽ ലംഘിച്ച് കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് പോലീസ് വകുപ്പിൽ നടക്കുന്നത്. അക്രമികൾക്ക് ഒത്താശ ചെയ്യുന്ന പോലീസ് സംവിധാനമാണ് നിലനിൽക്കുന്നത്. ക്രമസമാധാനം സംരക്ഷിക്കേണ്ട പോലീസ് സേന നാടിന് അപമാനകരമായ രീതിയിലാണ് പ്രവർത്തിക്കുന്നത്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് സേനയിലെ വനിതാ-പിന്നോക്ക-ദളിത് പങ്കാളിത്തം ദേശീയ ശ്രദ്ധ നേടിയിരിക്കുകയാണ്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം ഹയർ സെക്കണ്ടറി-കോളേജ് തലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കണം.

ശ്രീ. ആർ. രാജേഷ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ പോലീസ് സംവിധാനത്തെ ജനകീയമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും കാലാനുസൃതമായി നവീകരിക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ക്രമസമാധാനപാലനത്തിൽ മികച്ച പങ്ക് വഹിക്കുന്നതിനുപുറമേ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും ഐക്യവും സാഹോദര്യവും കാത്തുസൂക്ഷിക്കുന്നതിനും ഫലപ്രദമായ ഇടപെടൽ നടത്തുന്നതിന് പോലീസ് സേനയ്ക്ക് സാധിച്ചിട്ടുണ്ട്. പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും ആദിവാസി വിഭാഗത്തിലെ വനിതകൾക്ക് നിയമനം നൽകുന്നതിനും ഭിന്നശേഷി സൗഹൃദ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനും ഡിജിറ്റൽ ബയോമെട്രിക് ഐഡന്റിഫിക്കേഷൻ സംവിധാനം, ഫോറൻസിക് ലാബുകൾ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണം. സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ റെയ്ഞ്ച് അടിസ്ഥാനത്തിൽ വനിതാ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയമിച്ച നടപടി സ്വാഗതാർഹമാണ്.

ഡോ. എം. കെ. മുനീർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പോലീസ് വകുപ്പിൽ വൻഅഴിമതിയാണ് നടക്കുന്നത്. തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് മുൻമന്ത്രിമാരുടെ പേരിൽ വിജിലൻസ് കേസ് എടുത്ത നടപടി ശരിയല്ല. കെമിക്കൽ

എക്സാമിനേഷൻ ലാബുകളിലെ അനധികൃത നിയമനം തടയണം.

<u>ശ്രീ. പി. സി. ജോർജ്</u>: സംസ്ഥാനത്തെ പോലീസ് സേനയിലെ അഴിമതി ആരോപണങ്ങളുടെ നിജസ്ഥിതി പുറത്തുകൊണ്ടുവരാൻ സർക്കാർ തയ്യാറാകണം.

<u>ശ്രീ. എം. സ്വരാജ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിച്ചതും വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചതും എല്ലാ ജില്ലകളിലും പിങ്ക് കൺട്രോൾ റൂമുകൾ ആരംഭിച്ചതും ഏത് സ്റ്റേഷനുകളിലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യമേർപ്പെടുത്തിയതും 'നിഴൽ' പദ്ധതി ആവിഷ്കരിക്കാൻ കഴിഞ്ഞതും സ്പെഷ്യൽ ട്രൈബൽ റിക്രൂട്ട്മെന്റ് യാഥാർത്ഥ്യമാക്കിയതും അഭിനന്ദനാർഹമാണ്. ഫലപ്രദമായ പ്രവർത്തനത്തിലൂടെ കുറ്റകൃത്യങ്ങളുടെ എണ്ണം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. പോലീസ് സേനയെ അപകീർത്തിപ്പെടുത്തുന്ന പ്രതിപക്ഷ സമീപനം അവസാനിപ്പിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കിൽ സംസ്ഥാനത്തെ കുറ്റകൃത്യങ്ങളിൽ വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നിയമവിരുദ്ധമായി വിജിലൻസ് വകുപ്പിൽ ഇഷ്ടക്കാരെ നിയമിക്കുന്ന നടപടി പരിശോധിക്കണം. യൂണിഫോമിൽ ഘടിപ്പിക്കുന്നതിന് ഗുണനിലവാരമില്ലാത്ത ക്യാമറകൾ വാങ്ങിയതും സ്റ്റാഫ്

ക്വാർട്ടേഴ്സ് പണിയാനുള്ള തുക വകമാറ്റി ചെലവഴിച്ചതും മാനദണ്ഡങ്ങൾ പാലിക്കാതെ തണ്ടർ ബോൾട്ടിന് റിമോട്ട് ക്യാമറകൾ വാങ്ങിയതും പോലീസ് വകുപ്പിനെതിരെയുള്ള ഗുരുതരമായ അഴിമതിയാരോപണങ്ങളാണ്. ടെണ്ടറില്ലാതെ ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ വാങ്ങിയിട്ടുണ്ടോയെന്ന് പരിശോധിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പാലാരിവട്ടം പാലം അഴിമതിക്കേസ്സുമായി ബന്ധപ്പെട്ട് നിയമസഭാംഗമായ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അഞ്ചാം പ്രതിയായി മൂവാറ്റുപുഴ വിജിലൻസ് കോടതി കണ്ടെത്തുകയും സെർച്ച് വാറണ്ട് ലഭ്യമായതിനെത്തുടർന്ന് അദ്ദേഹത്തിന്റെ വസതിയിൽ നടത്തിയ പരിശോധനയിൽ 13 റിക്കാർഡുകൾ വിജിലൻസ് ബന്തവസ്സിലെടുത്തിട്ടുമുണ്ട്. ചന്ദ്രിക ദിനപത്രത്തിന്റെ അക്കൗണ്ടിൽ പഞ്ചാബ് നാഷണൽ ബാങ്കിൽ നിക്ഷേപിക്കപ്പെട്ട തുക കേസിലെ അഞ്ചാം പ്രതിയുടേതാണെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ ടി ദിനപത്രത്തിന്റെ ഓഫീസിലും പരിശോധന നടത്തിയിട്ടുണ്ട്. സി.&എ.ജി. റിപ്പോർട്ട് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ വിശദമായ പരിശോധനയ്ക്കുശേഷം സഭയിൽ സമർപ്പിക്കുന്നതാണ്.

പോലീസ് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സീനിയോറിറ്റി തർക്കങ്ങൾ പരിഹരിക്കുന്നതിനും പ്രൊമോഷനുകൾ സമയബന്ധിതമായി ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ

എസ്.എച്ച്.ഒ.-മാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനും കേസന്വേഷണവും ക്രമസമാധാനപാലനവും രണ്ടായി തിരിക്കുന്നതിനും തുടക്കം കുറിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളെ ജനസൗഹൃദമാക്കുന്നതിനും പുതിയ പന്ത്രണ്ട് പോലീസ് സ്റ്റേഷനുകളും പത്ത് കൺട്രോൾ റൂമുകളും ആരംഭിക്കുന്നതിനും ജനമൈത്രി സുരക്ഷാ പദ്ധതി എല്ലാ പോലീസ് സ്റ്റേഷനുകളിലും ഫലപ്രദമായി നടപ്പാക്കുന്നതിനും ഏത് സ്റ്റേഷനിലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പോലീസ് സേനയിലെ സ്ത്രീപ്രാതിനിധ്യം ഉയർത്തുന്നതിനും എല്ലാ ജില്ലകളിലും വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനും സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് സൈബർ ഫോറൻസിക് ലാബുൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിനും നിഴൽ പദ്ധതിക്ക് രൂപം നൽകുന്നതിനും നടപടി സ്വീകരിച്ചു. കുട്ടികളിൽ സൈബർ സെക്യൂരിറ്റി അവബോധം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തീരദേശമേഖലയിൽ നിന്നും 200 പേരെ കോസ്റ്റൽ വാർഡൻമാരായി നിയമിച്ചിട്ടുണ്ട്. ആദിവാസി യുവതീയുവാക്കളായ 75 പേർക്ക് പോലീസ് വകുപ്പിൽ നിയമനം നൽകിയതുകൂടാതെ 125 പേർക്കുകൂടി നിയമനം നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്. 146 കായിക താരങ്ങൾക്ക് കേരള പോലീസിൽ നിയമനം നൽകാനും 150 ഹവിൽദാർ തസ്തിക സൃഷ്ടിക്കാനും

സാധിച്ചിട്ടുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗവും വ്യാപനവും തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സൈബർ ഡോമിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതാണ്. Central Intrusion Monitoring System (CIMS) വഴി സർക്കാർ-അർദ്ധസർക്കാർ-സ്വകാര്യ സ്ഥാപനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്ന പദ്ധതി, സോഷ്യൽ മീഡിയ ലാബ് എന്നിവ ആരംഭിച്ചിട്ടുണ്ട്. പോലീസിനെയും തിരുവിതാംകൂർ ദേവസ്വംബോർഡിനെയും ഏകോപിപ്പിച്ച് ശബരിമല പിൽഗ്രിം മാനേജ്മെന്റ് സിസ്റ്റം എന്ന ഓൺലൈൻ പോർട്ടലും പോലീസിന്റെ സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിന് 'രക്ഷ' എന്ന മൊബൈൽ ആപ്പും ആരംഭിച്ചിട്ടുണ്ട്. അഴിമതി നിർമ്മാർജ്ജനം ചെയ്യാനുതകുംവിധം വിജിലൻസ് സംവിധാനത്തെ കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഫോറൻസിക് ലബോറട്ടറികളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ജില്ലാ മൊബൈൽ ഫോറൻസിക് ലാബുകളിൽ 44 സയന്റിഫിക് ഓഫീസർമാരുടെയും തൃശ്ശൂർ ഹൈടെക് ഫോറൻസിക് ലാബിൽ അസിസ്റ്റന്റ് ഡയറക്ടർമാർ/സയന്റിഫിക് ഓഫീസർമാരുൾപ്പെടെ 59 അധിക തസ്തികകളും അനുവദിച്ചിട്ടുണ്ട്. ലബോറട്ടറികൾക്ക് എൻ.എ.ബി.എൽ. അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ

പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനും ആധുനികവൽക്കരിക്കുന്നതിനുമുള്ള പദ്ധതികളാരംഭിച്ചിട്ടുണ്ട്. പോലീസ് അഡ്മിനിസ്ട്രേഷൻ സുഗമമാക്കുന്നതിനും മെച്ചപ്പെട്ട ക്രമസമാധാന പരിപാലനത്തിനുമായി 25 അധിക സബ്ഡിവിഷനുകൾ ആരംഭിക്കുന്നതാണ്. പൂർണ്ണ വ്യവസായ സുരക്ഷാ സേനയിലെ തസ്തികകൾ 3000 ആയി ഉയർത്തുന്നതാണ്. തിരുവനന്തപുരത്ത് പോലീസ് ടെക്നോളജി സെന്ററും സോഷ്യൽ പോലീസിംഗ് ഡയറക്ടറേറ്റും ആരംഭിക്കുന്നതാണ്. 2020-21-ൽ എയ്ഡഡ് മേഖലയിലേതുൾപ്പെടെ നൂറ് സ്കൂളുകളെക്കൂടി എസ്.പി.സി. സ്കീമിൽ കൊണ്ടുവരുന്നതാണ്. സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ പുതിയ ഡാറ്റ അനാലിസിസ് സെന്റർ സ്ഥാപിക്കുന്നതാണ്. കേരള സായുധ പോലീസ് ബറ്റാലിയൻ-6 കോഴിക്കോട് ആരംഭിക്കുന്നതാണ്. ടൂറിസം പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതും സൈബർ വിംഗുകൾ ശക്തിപ്പെടുത്തുന്നതുമാണ്. ആലുവ പോലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന ആത്മഹത്യയുമായി ബന്ധപ്പെട്ട കേസന്വേഷണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്ത് വകുപ്പുതല അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. 2020-21 സാമ്പത്തികവർഷത്തിൽ തൃശ്ശൂർ ജില്ലയിൽ ഡിജിറ്റൽ മൊബൈൽ കമ്മ്യൂണിക്കേഷൻ സംവിധാനം പ്രാവർത്തികമാക്കുന്നതും പാലക്കാട് ജില്ലയിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്. അഗ്നിരക്ഷാ

സേനയെ ആധുനികവൽക്കരിക്കുകയും 100 ഫയർ വുമൺ തസ്തിക സൃഷ്ടിക്കുകയും സേഫ്റ്റി ബീറ്റ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജയിലിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനും കോടതികളെയും ജയിലുകളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും തടവുകാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ന്യായമായ പരോളുകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. അച്ചടി വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന് കിഫ്ബി മുഖേന 100 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരികയാണ്. കെ.ബി.പി.എസ്.-നെ ആധുനികവൽക്കരിക്കുന്നതിനും മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## V വ്യക്തിപരമായ വിശദീകരണം

<u>ചന്ദ്രിക ദിനപത്രത്തിന്റെ നിക്ഷേപം സംബന്ധിച്ച പരാമർശം</u>

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ചന്ദ്രിക ദിനപത്രത്തിന്റെ ഫണ്ടിനെപ്പറ്റിയുള്ള തെറ്റിദ്ധാരണാജനകമായ പരാമർശം നടത്തുകയുണ്ടായി. 2016-ൽ ചന്ദ്രിക ദിനപത്രം നടത്തിയ ക്യാമ്പയിനിന്റെ ഭാഗമായി പിരിഞ്ഞുകിട്ടിയ തുക എറണാകുളം പഞ്ചാബ് നാഷണൽ ബാങ്കിന്റെ ശാഖയിൽ രണ്ടുമൂന്ന് ഘട്ടമായിട്ടാണ്

നിക്ഷേപിച്ചത്. ടി തുക നിക്ഷേപിച്ചതുസംബന്ധിച്ച് ബാങ്കിലെ സോഫ്റ്റ്‌വെയർ വഴി ആദായനികുതി വകുപ്പിനെ അറിയിച്ചതിനെത്തുടർന്ന് ചന്ദ്രികയുടെ അക്കൗണ്ട് ഫ്രീസ് ചെയ്യുകയും മാനേജ്‌മെന്റിനോട് വിശദീകരണം ആരായുകയും ആയതിന്മേൽ അധികൃതർ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പബ്ലിക് ലിമിറ്റഡ് കമ്പനിക്ക് നികുതിയിളവ് ലഭിക്കുമെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് തുക നിക്ഷേപിച്ചത്. ഡീമോണിറ്റൈസേഷൻ കാലഘട്ടമായതിനാൽ ടാക്സ് ഇളവ് അനുവദിക്കേണ്ടതില്ലെന്ന കേന്ദ്ര സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2,24,55,000/- രൂപ ടാക്സും പെനാൽറ്റിയുമായി അടയ്ക്കണമെന്ന് ചന്ദ്രികാ മാനേജ്‌മെന്റിനെ ആദായ നികുതി വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തുക പൂർണ്ണമായി അടയ്ക്കുകയും ഫ്രീസിംഗ് മാറ്റുകയും കോഴിക്കോട് ഹെഡ് ഓഫീസിലേയ്ക്ക് തുക വിത്ഡ്രോ ചെയ്യുകയുമാണുണ്ടായത്. ചന്ദ്രിക ദിനപത്രത്തിന്റെ ഡയറക്ടർമാർക്ക് അഴിമതി നടത്തേണ്ട യാതൊരാവശ്യവുമില്ല. വരിസംഖ്യ പിരിക്കുകയോ വരിക്കാരെ ചേർക്കുകയോ ചെയ്യുന്ന പ്രവർത്തനങ്ങളാണ് ഡയറക്ടർമാർ ഉൾപ്പെടെയുള്ളവർ ചെയ്യുന്നത്. ഇതുസംബന്ധിച്ച് നടത്തുന്ന പരാമർശങ്ങൾ വാസ്തവവിരുദ്ധമാണ്. ചന്ദ്രിക ദിനപത്രവുമായി ബന്ധപ്പെട്ട വസ്തുതകൾ വളച്ചൊടിക്കുന്ന നിലപാട് ശരിയല്ല. ഇത്തരമൊരു സാഹചര്യം സംജാതമായതിലുള്ള ഖേദം പ്രകടിപ്പിക്കുന്നതോടൊപ്പം

ഈ വിഷയത്തിന്മേലുള്ള തെറ്റിദ്ധാരണ അവസാനിപ്പിക്കുകയും വേണം.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയും 34-നെതിരെ 81 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 5.12-ന് പിരിഞ്ഞു.)